# മാർക്കറ്റ്ഫെഡ് കൊപ്രാ സംഭരണം ഊർജിതമാക്കുന്നു

കൊച്ചി: കേരളാ മാർക്കറ്റ് ഫെഡ് ഈ വർഷത്തെ കൊപ്രാ സംഭരണം ഊർജിതമാക്കാൻ തീരുമാനിച്ചു. ഇന്നലെ കൊച്ചിയിൽ ചേർന്ന മാർക്കറ്റ്ഫെഡ് മാനേജിംഗ് ഡയറക്ടർ, നാളികേര വികസനബോർഡ് ചെയർമാൻ, ചീഫ് കോക്കനട്ട് ഡവലപ്മെന്റ് ഓഫീസർ, മാർക്കറ്റിംഗ് ഓഫീസർ, നാഫെഡ് സൗത്ത് സോൺ മാനേജർ, മാർക്കറ്റ് ഫെഡ് ജില്ലാ ഓഫീസർമാർ എന്നിവരുടെ സംയുക്തയോഗത്തിലാണ് തീരുമാനം.

നാളികേരകർഷകർക്ക് താങ്ങുവിലയുടെ എല്ലാ ആനുകൂല്യങ്ങളും ലഭിക്കുന്ന വിധത്തിൽ കുറഞ്ഞത് 30000 ടൺ കൊപ്രയെങ്കിലും ഈ സീസണിൽ സംഭരിക്കാൻ തീരുമാനിച്ചു. ഇതിന്റെ അടിസ്ഥാനത്തിൽ എല്ലാ ജില്ലകൾക്കും ടാർജറ്റ് നൽകികഴിഞ്ഞതായി മാർക്കറ്റ്ഫെഡ് മാനേജിംഗ് ഡയറക്ടർ ടോമിൻ ജെ.തച്ചങ്കരി അറിയിച്ചു. നാഫെഡ് നിഷ്കർഷിച്ചിട്ടുള്ള വ്യവസ്ഥകൾക്കും മാർഗനിർദേശങ്ങൾക്കുമനുസരിച്ച് മിൽ കൊപ്ര ക്വിന്റലിന് 5250 രൂപയ്ക്കും ഉണ്ടകൊപ്ര 5500 രൂപയ്ക്കുമാണ് സംഭരിക്കുന്നത്. 17 മുതൽ സംസ്ഥാനത്തെ വിവിധ കേന്ദ്രങ്ങളിൽ മാർക്കറ്റ്ഫെഡ് കൊപ്രാ സംഭരണം ആരംഭിക്കുമെന്നും അദ്ദേഹം വ്യക്തമാക്കി.